"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം.1810/2019-ന്മേലുള്ള 04.09.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1554/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/08/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 09.08.2019-ലെ PAN/8329/2019-E1(DP) നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. മുഹ്സിൻ പി.എം. സമർപ്പിച്ച 20.08.2019-ലെ അപ്പീൽ അപേക്ഷ **(അനക്ഷർ എ8)**

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം.1810/2019-ന്മേലുള്ള 04.09.2019-ലെ വിധിന്യായം

4 പഞ്ചായത്ത് ഡയറക്ടറുടെ 12.11.2019-ലെ PAN/8329/2019-E1(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

എരുമേലി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് ശ്രീ. മുഹ്സിൻ പി.എം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1810/2019-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരൻ അനക്ഷർ എ8 ആയി സമർപ്പിച്ച പരാമർശം (2) അപേക്ഷ പരിശോധിച്ച് 2 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2. എരുമേലി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായ താൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ Linquistic Minority Language Test (തമിഴ്) വിജയിച്ചിട്ടുണ്ടെന്നും ആയതിനാൽ തമിഴ് ഭാഷാ ന്യൂനപക്ഷ പഞ്ചായത്തിൽ സെക്രട്ടറിയായി നിയമനത്തിന് അർഹനാണെന്നും പ്രസ്തുത യോഗ്യത ഇല്ലാത്ത പല സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടുമാർ തമിഴ് ഭാഷാ ന്യൂനപക്ഷ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുവെന്നും ഇടുക്കി ജില്ലയിൽ നിയമനം നടത്തുന്നതിൽ കാലതാമസം നേരിടുന്നതിനാൽ പ്രസ്തുത ആവശ്യം ഉന്നയിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA. 1207/2019 സമർപ്പിച്ചിട്ടുള്ളതുമാണെന്നും ഒ.എ.1207/2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശ്രീ. മുഹ്സിൻ പി.എം ന്റെ അപേക്ഷ നിരസിച്ചിട്ടുള്ളതാണെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ഇതിനെതിരെയാണ് ടിയാൻ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. മുഹ്സിൻ പി.എം.നെ 12.11.2019-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ ശ്രീ. മുഹ്സിൻ പി.എം. ചുവടെ കുറിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ച വസ്തുതാ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഭാഷാ ന്യൂനപക്ഷ പരീക്ഷ (തമിഴ്) താൻ വിജയിച്ചിട്ടുള്ളതിനാൽ തമിഴ് ന്യൂനപക്ഷ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി നിയമനത്തിന് താൻ അർഹനാണെന്നും ആയതിനാൽ തമിഴ് ന്യൂനപക്ഷ പഞ്ചായത്തിൽ സെക്രട്ടറി നിയമനത്തിനായി തയ്യാറാക്കുന്ന ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെടുത്തുന്നതിന് പ്രസ്തുത സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചിട്ടുള്ളതും 13.08.2018-ലെ ഇ1-22156/2006-ലെ സെക്രട്ടറി നിയമന ലിസ്റ്റിലെ 21-ാം സീരിയൽ നമ്പറായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ ജില്ലയായ ഇടുക്കി ജില്ലയിൽ ധാരാളം ഒഴിവുള്ളതിനാൽ നിയമനം ആവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ നിരസിക്കുകയുണ്ടായെന്നും ഇതിനെതിരെ സർക്കാരിൽ സമർപ്പിച്ച അപ്പീൽ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിയെന്നും ഭാഷാ ന്യൂനപക്ഷ ജില്ലയായ ഇടുക്കി ജില്ലയിൽ സെക്രട്ടറിയുടെ ധാരാളം ഒഴിവുകൾ നിലനിൽക്കുന്നുവെന്നും രേഖകൾ പ്രകാരം താൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ടെസ്റ്റ് വിജയകരമായി പാസ്സായതിനാൽ തന്നെ 21-ആം നമ്പറായി തമിഴ് ന്യൂനപക്ഷ ജില്ലയിൽ നിയമനത്തിനായി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയെന്നും എന്നാൽ ടെസ്റ്റ് യോഗ്യതയില്ലാത്ത ചിലർ സെക്രട്ടറിമാരായി പ്രസ്തുത ജില്ലയിൽ ജോലിയിൽ തുടരുന്നുണ്ടെന്നും യോഗ്യരായവരെ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിന് ശേഷവും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താതെ ടെസ്റ്റ് യോഗ്യതയില്ലാത്തവരെ പ്രസ്തുത ജില്ലയിൽ തുടരാൻ അനുവദിക്കുന്നത് ഒരു വീഴ്ചയായി ചൂണ്ടിക്കാട്ടി ഇക്കാര്യം പരിശോധിച്ച് കാലതാമസം ഒഴിവാക്കി ഇടുക്കി ജില്ലയിലെ ഏതെങ്കിലും ഒരു ഭാഷാ ന്യൂനപക്ഷ പഞ്ചായത്തിൽ സെക്രട്ടറിയായി നിയമനം നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

5. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർ ട്ടിൽ അപേക്ഷകൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ സെക്രട്ടറി തസ്തികയിൽ നിയമിച്ചിരിക്കുന്നത് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട സീനിയറായ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടുമാരെയാണെന്നും പ്രസ്തുത ജീവനക്കാരെ ടി മേഖലയിൽ നിയമിച്ചത് സംബന്ധിച്ച് ടി ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിലവിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതുമാണെന്നും, തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി തസ്തികയിലേക്ക് തമിഴ് ഭാഷാ യോഗ്യതയുള്ള സീനിയറായ ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറിമാരെ താത്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു വന്നിരുന്നുവെന്നും ഇതിലേക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ് ഭാഷാ പരീക്ഷ വിജയിച്ച സീനിയറായ ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഒരു മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചിരുന്നുവെന്നും ടി പട്ടികയിൽ അപേക്ഷകനും ഉൾപ്പെട്ടിരുന്നുവെന്നും എന്നാൽ പ്രസ്തുത മുൻഗണന പട്ടിക സംബന്ധിച്ച് ചില ജീവനക്കാർ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ പരാതി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത പരാതികൾ കെ.എസ് & എസ്.ആർ 9 (ഡി) ചട്ടത്തിൽ SRO നം.371/2012 ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ച സ.ഉ (സാധാ) നം. 6689/2009/ജിഎഡി ഉത്തരവ് പ്രകാരം

വരുത്തിയ ഭേദഗതികളുടെ വെളിച്ചത്തിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. പ്രസ്തുത ഭേദഗതി പ്രകാരം 1 മുതൽ 10 വരെ ക്ലാസ്സിൽ പ്രാദേശിക ഭാഷ മീഡിയത്തിൽ പഠിച്ച ഒരു ജൂനിയറായ ഉദ്യോഗസ്ഥനെ സീനിയറിന് മുകളിൽ സ്ഥാനക്കയറ്റം നൽകി ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ വിവിധ തസ്തികകളിൽ നിയമിക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നുവെന്നും ടി യോഗ്യതയുള്ള ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറിമാരുടെ അഭാവത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ ജീവനക്കാരെ നിയോഗിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് അത്യന്താപേക്ഷിതമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ച് പുറപ്പെടുവിച്ച 22.09.2009-ലെ സ.ഉ (സാധാ) 6689/2009/പൊഭവ ഉത്തരവിൽ ചുവടെ കുറിക്കും പ്രകാരം ഉത്തരവായിരുന്നു.

"Government have examined the matter in detail and order that Rule 9 (d) of KS&SSR be amended to the effect that only a person who has studied from 1 st to 10 th Standard in a particular regional language in the respective medium, shall be made eligible for out of turn promotion to the different categories of posts in the Government offices in the Linguistic Minority areas. Necessary notification will be issued separately by the P&ARD"

7. അതനുസരിച്ച് 21.04.2012-ലെ SRO No. 371/2012 ലെ ഭേദഗതി പ്രകാരം 9 (ഡി) ചുവടെ കുറിക്കും പ്രകാരം പുറപ്പെടുവിച്ചു.

Amendment of the rule9- In Part II of Kerala State and Subordinate Service Rules, 1958,in sub-rule (d) of rule 9, after the words "any other person junior to him who" the words and figures ,"had studied the respective regional language from Standard 1 to Standard 10 as the medium of instruction and"shall be inserted.

8. അതനുസരിച്ച് KS&SSR 9 (ഡി) ചുവടെ കുറിക്കും പ്രകാരം നിലനിൽക്കുന്നു.

Notwithstanding anything contained in these rules or in the Special Rules if and when a vacancy arises in a post borne on the cadre of a service ,class or category for appointment to which knowledge of a particular regional language is necessary in the opinion of the state Government and the person who is entitled to appointment to the post under these rules and the Special Rules does not possess such knowledge , any other person junior to him who had studied the respective regional language from Standard 1 to Standard 10 as medium of instruction and possesses such qualification and other

qualifications, if any, prescribed under the rules may be appointed to that post; but the person so appointed shall not, by reason only of such appointment ,be regarded as a probationer in such service, class or category, nor shall he acquire thereby any preferential right to future appointment to such service,class or category.

9. മേൽ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടെസ്റ്റ് യോഗ്യത നേടിയവരെ തമിഴ് മീഡിയത്തിൽ 1 മുതൽ 10 വരെ വിദ്യാഭ്യാസം നേടിയവരോടൊപ്പം Out of turn നിയമനത്തിന് പരിഗണിക്കാവുന്നതാണ് എന്ന് കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്&എസ്.എസ്.ആർ ചട്ടം 9(ഡി)-ൽ പറഞ്ഞ ഭേദഗതി പ്രകാരമുള്ള യോഗ്യത ഉള്ളതായി അപേക്ഷകൻ അറിയിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകനെ നിലവിൽ ഭാഷാ ന്യൂനപക്ഷ മേഖലയിലെ സെക്രട്ടറി തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റത്തിനായി പരിഗണിക്കാൻ കഴിയുന്നില്ല എന്ന് കണ്ട് നിരസിച്ചാണ് പഞ്ചായത്ത് ഡയറക്ടറുടെ അപ്പീലിനാധാരമായ ഉത്തരവിൽ തീർപ്പ് കൽപ്പിച്ചിരിക്കുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടെസ്റ്റ് യോഗ്യത നേടിയവരെ ഉൾപ്പെടുത്തി തയ്യാറാക്കിയ 13.08.2018-ലെ ഇ1-22156/2006-ലെ ഉത്തരവിൽ, ശ്രീ. മുഹ്സിൻ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ നിയമനവും നൽകിയിട്ടുണ്ട്. 21.04.2012 ലെ SRO No. 371/2012-ലെ ഭേദഗതി പ്രകാരം 9 (ഡി) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടെസ്റ്റ് യോഗ്യത നേടിയവരെ തമിഴ് മീഡിയത്തിൽ 1 മുതൽ 1 0 വരെ വിദ്യാഭ്യാസം നേടിയവരോടൊപ്പം Out of turn നിയമനത്തിന് പരിഗണിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശ ഉത്തരവ് വസ്തുതാപരമായി നിലനിൽക്കുന്നതല്ല. ഈ സാഹചര്യത്തിൽ ശ്രീ. മുഹ്സിൻ പി.എം.ന് തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിയായി നിയമിക്കുന്നതിന് യോഗ്യമായ ഭാഷാ പരിജ്ഞാനം നേടിയിട്ടുള്ളതിനാൽ പ്രസ്തുത യോഗ്യത നേടിയ സീനിയർമാരുടെ അഭാവത്തിൽ തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിയായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ടി തസ്തികയിലെ പ്രൊബേഷണർ ആയി കണക്കാക്കുകയോ സ്ഥിരനിയമനത്തിന് മുൻഗണന നൽകുകയോയില്ലെന്ന വ്യവസ്ഥകൾക്കു വിധേയമായി നിയമിക്കപ്പെടാൻ യോഗ്യനാണെന്നും അതനുസരിച്ച് നടപടി കൈക്കൊള്ളുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

11.ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ. മുഹ്സിൻ പി.എം, അസിസ്റ്റന്റ് സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by SUDHEER S S
Date: 2020.08.21 [illegible]:31 IST
Reason: Approved

സെക്ഷൻ ഓഫീസർ